നം. സി.ഇ.ഇ/**4050**/2016/KEAM 2017/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ പ്രവേശനം-2017

## പുതുക്കിയ കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

2017-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക്ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, വിവിധ സാമുദായിക സംവരണം / പ്രത്യേക സംവരണം/ ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ താത്കാലിക കാറ്റഗറി ലിസ്റ്റുകൾ 22.06.2017 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം സംബന്ധിച്ച വിവരങ്ങളും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം 26.06.2017 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിശോധിച്ച് പരിഹരിച്ചതിനു ശേഷമുള്ള പുതുക്കിയ കാറ്റഗറി ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചു.

തിരുവനന്തപുരം
27.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**